**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 108** **16-09-2025 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം നിയോജക മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കയ്പമംഗലം നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മതിലകം, കയ്പമംഗലം പോലീസ് സ്റ്റേഷനുകളിൽ 2016 മുതൽ നാളിതുവരെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ; വിശാംശം ലഭ്യമാക്കാമോ; | (എ) | **കയ്പമംഗലം നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മതിലകം പോലീസ് സ്റ്റേഷനിൽ 2020-21 സാമ്പത്തിക വർഷത്തിൽ നാല് ലക്ഷം രൂപ ചെലവഴിച്ച് ഭിന്നശേഷി സൗഹൃദ ടോയിലറ്റും, 2021-22 സാമ്പത്തിക വർഷത്തിൽ 24 ലക്ഷം രൂപ ചെലവഴിച്ച് വിസിറ്റേഴ്സ് ഹാളും, പോലീസ് സ്റ്റേഷൻ എക്സ്റ്റൻഷൻ വർക്കും നടത്തിയിട്ടുണ്ട്.**<br>**കയ്പമംഗലം പോലീസ് സ്റ്റേഷൻ നിലവിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.** |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ മതിയായ പോലീസുകാർ ഇല്ലാത്തതിനാൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | കയ്പമംഗലം പോലീസ് സ്റ്റേഷനിൽ നിലവിൽ ഓഫീസർമാരുടെ ഒഴിവുകൾ ഇല്ലാത്തതും മറ്റു സേനാംഗങ്ങളുടെ ഒരു ഒഴിവ് ഉള്ളതും കൂടാതെ ഒരാൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതുമാണ്. മതിലകം പോലീസ് സ്റ്റേഷനിൽ നിലവിൽ ഓഫീസർമാരുടെ രണ്ട് ഒഴിവുകളും മറ്റു സേനാംഗങ്ങളുടെ ഒരു ഒഴിവും നിലവിൽ ഉണ്ട്. തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിൽ നിലവിൽ പോലീസ് സബ് ഇൻസ്പെക്ടർമാരുടെ 21 ഒഴിവും മറ്റു പോലീസ് സേനാംഗങ്ങളുടെ 70 ഒഴിവുകളും നിലവിൽ ഉണ്ട്. പാലക്കാട് കെ.എ.പി. രണ്ടാം ദളത്തിൽ നിന്നും 83 പോലീസ് കോൺസ്റ്റബിൾമാരെ താൽക്കാലികാടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സേനാംഗങ്ങൾ ഈ ജില്ലയിൽ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് മതിലകം, കയ്പമംഗലം പോലീസ് സ്റ്റേഷനുകളിലെ സേനാംഗങ്ങളുടെ ഒഴിവുകൾ നികത്തുന്നതാണ്.<br>ആവശ്യമെങ്കിൽ ഡി.എച്ച്.ക്യൂ -ൽ നിന്നും പോലീസ് ഉദ്യോഗസ്ഥരെ അറ്റാച്ച് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പോലീസ് ജില്ലകളിലെ |

| | | | |
|---|---|---|---|
| | | | ഓരോ സ്റ്റേഷൻ പരിധിയിലെയും ജനസംഖ്യ, കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം, സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം എന്നീ വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ക്രമസമാധാന പോലീസ് സ്റ്റേഷനുകളിലെ അംഗബലം വർദ്ധിപ്പിക്കുന്നതിലേക്കായുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാരിന്റെ സജീവ പരിഗണയിലുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ